/218139/2022

"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ, തിരുവനന്തപുരം

നമ്പർ: DT/1953/2022-C1-Part(1) തീയതി: 02-09-2022

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - അഡ്മിഷൻ & അഫിലിയേഷൻ സെക്ഷൻ - 2022 സെഷൻ - ഐടിഐ പ്രവേശനം - പുതിയതായി (ഓഫ് ലൈനായി ) അപേക്ഷ ക്ഷണിക്കുന്നത് - അനുമതി നൽകുന്നത് - സംബന്ധിച്ച്

സൂചന:- വിവിധ ഐടിഐ പ്രിൻസിപ്പാൾമാരുടെ കത്തുകൾ

ഓൺലൈനായി ലഭിച്ച അപേക്ഷകൾ എല്ലാം പരിഗണിച്ചിട്ടും പല വിഭാഗങ്ങളിലും സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നതായും ടി ഒഴിവുകൾ നികത്തുന്നതിനായി പുതിയതായി (ഓഫ്ലൈനായി) അപേക്ഷ ക്ഷണിക്കുന്നതിന് അനുമതി നൽകണമെന്നും സൂചന പ്രകാരം കത്തുകൾ ലഭിച്ചിട്ടുണ്ട്. ടി കത്തുകൾ പരിഗണിച്ച് ഒഴിഞ്ഞു കിടക്കുന്ന സീറ്റുകളിലേക്ക് പുതിയതായി (ഓഫ്ലൈനായി) അപേക്ഷ ക്ഷണിക്കുന്നതിന് അനുമതി നൽകുന്നു.

STRIVE പ്രോജക്ട് നടപ്പിലാക്കുന്ന ഐടിഐകളിൽ KPI നിലനിർത്തുന്നതിനായി 30 % സീറ്റുകളിൽ പെൺകുട്ടികളെ ഉൾപ്പെടുത്തുന്നതിലേക്ക് ഓൺലൈനായി ആവശ്യമായ അപേക്ഷകൾ ലഭിച്ചിട്ടില്ലെങ്കിൽ പുതിയതായി (ഓഫ്ലൈനായി) അപേക്ഷ ക്ഷണിക്കുന്നതിനും അനുമതി നൽകുന്നു.

12.09.2022 വരെ അപേക്ഷ സ്വീകരിക്കാവുന്നതും 15.09.2022 നുള്ളിൽ 100 % സീറ്റുകളിലും അപേക്ഷകരെ ചേർത്ത് അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്. പുതിയതായി അപേക്ഷകൾ ക്ഷണിക്കുന്നത് സംബന്ധിച്ച് പരസ്യങ്ങൾ ദൃശ്യ/ശ്രാവ്യ/അച്ചടി മാധ്യമങ്ങളിലൂടെ പ്രാദേശികമായി നൽകേണ്ടതാണ്.

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

ഉള്ളടക്കം : ആപ്ലിക്കേഷൻ ഫോം

സ്വീകർത്താവ്

എല്ലാ ഗവ. ഐടിഐ പ്രിൻസിപ്പാൾമാർക്ക്